പൊതുവിതരണ സമ്പ്രദായത്തിന് അനുവദിച്ച സബ്സിഡി

71 [1968] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ വിതരണം നടത്തുന്നതിനും അതുവഴി ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും 1996 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് അനുവദിച്ച സബ്സിഡിയുടെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) 1996 മുതൽ നാളിതുവരെയുള്ള ഓരോ വർഷവും ഭക്ഷ്യ സബ്സിഡി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചിട്ടുള്ളത്;

(സി) അതിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1996 മുതൽ ഓരോ വർഷവും സംസ്ഥാന സർക്കാർ റേഷൻ സാധനങ്ങൾക്ക് അനുവദിച്ച സബ്സിഡിയുടെ കണക്കുകൾ താഴെ വിവരിക്കുന്നു.

1996-97-ൽ	—	51,53,31,025 രൂപ
1997-98-ൽ	—	82,08,71,408 ,,
1998-99-ൽ	—	96,62,64,841 ,,
1999-2000-ൽ	—	97,30,24,582 ,,
2000-2001-ൽ	—	37,55,93,594 ,,

2001-02, 2002-03, 2003-04 വർഷങ്ങളിൽ സംസ്ഥാന സർക്കാർ സബ്സിഡി ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സബ്സിഡി (ഗ്രാന്റ്) ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 1996 മുതൽ ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

1996-97	—	ഇല്ല
1997-98	—	50 കോടി രൂപ
1998-99	—	50 ,,
1999-2000	—	60 ,,
2000-2001	—	37 ,,
2001-2002	—	33 ,,
2002-2003	—	50 ,,
2003-2004	—	30 ,,
2004-2005	—	20 ,,

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റിംവാംപ്ഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം 1997 വരെ നിലനിന്നിരുന്നു. ഇതനുസരിച്ച് ട്രൈബൽ മേഖലയിലെ കാർഡുടമകൾക്ക് 0.50 രൂപ വിലകുറച്ച് അരി വിതരണം ചെയ്തിരുന്നു. 1-6-1997 മുതൽ റ്റാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നിലവിൽ വന്നു. ഇതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് 15.54 ലക്ഷം കുടുംബങ്ങളെ 'ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ലിസ്റ്റിൽ കണക്കാക്കി കുറഞ്ഞ വിലയ്ക്ക് ബി. പി. എൽ. നിരക്കിൽ അരി നൽകി വരുന്നു. തുടർന്ന് 2001 മുതൽ അന്ത്യോദയ അന്നയോജന പദ്ധതി നിലവിൽ വന്നു. ഇതനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽനിന്നും കൂടുതൽ പാവപ്പെട്ട ആളുകളെ തെരഞ്ഞെടുത്ത് കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി വീതം അനുവദിച്ചു നൽകിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഇപ്പോൾ 471800 കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 2001-ൽതന്നെ കേന്ദ്ര സർക്കാരിന്റെ അന്നപൂർണ്ണ പദ്ധതി നിലവിൽ വന്നു. കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ 65 വയസ്സിനുമേൽ പ്രായമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. ഇതിനാവശ്യമായ ഫണ്ട് വർഷംതോറും കേന്ദ്ര സർക്കാർ അനുവദിച്ചു തരുന്നു. 44980 ആളുകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ പ്രകാരമുള്ള സബ്സിഡിക്കു പുറമേ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിറുത്തുന്നതിനായി എ. പി. എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം 35 കിലോ അരിയും ഗോതമ്പും കേന്ദ്ര സർക്കാർ വാങ്ങുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നു.

1997 മുതൽ വിവിധ പദ്ധതികൾ പ്രകാരം കേന്ദ്രം അനുവദിക്കുന്ന അരിയുടേയും ഗോതമ്പിന്റേയും കണക്ക് അനുബന്ധം ഒന്നായും 1997 മുതൽ നിലവിലുള്ള ഭക്ഷ്യ സാധനങ്ങളുടെ വില അനുബന്ധം 2 ആയും 2001 മുതൽ അന്നപൂർണ്ണ പദ്ധതി പ്രകാരം കേന്ദ്രം അനുവദിക്കുന്ന ഫണ്ടിന്റെ വിവരങ്ങൾ അനുബന്ധം 3 † ആയും ചേർത്തിട്ടുണ്ട്.

ഹോട്ടലുകളിൽ വില നിയന്ത്രിക്കാൻ നടപടി

72 [1969] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം അമിതവില ഈടാക്കുന്ന ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഭക്ഷ്യസാധനങ്ങൾക്ക് ഹോട്ടലുകളിൽ ഈടാക്കുന്ന വിലനിലവാരം പ്രസിദ്ധീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly